**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4806** **02-07-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി ഭൂതിവഴി നഗറിലെ ആദിവാസി കുടുംബങ്ങൾ ഭവന തട്ടിപ്പിന് ഇരയായ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി ഭൂതിവഴി നഗറിലെ ഏഴ് ആദിവാസി കുടുംബങ്ങൾ ഭവന തട്ടിപ്പിന് ഇരയായത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ആദിവാസി കുടുംബങ്ങൾ ഭവന തട്ടിപ്പിന് ഇരയായത് ഗൗരവത്തോടെ കാണുന്നുണ്ട്.<br><br>ഭവനനിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വകാര്യ വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ കരാർ വച്ചിട്ടില്ല. ഭവനനിർമ്മാണ ധനസഹായം DBT മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കളുമായാണ് വകുപ്പ് കരാർ ഒപ്പ് വച്ചിട്ടുള്ളത്.<br><br>ഭവനനിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഗുണഭോക്താക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ ഗഫൂർ, ശ്രീ.മുഹമ്മദ് ബഷീർ, ശ്രീ മുഹമ്മദ് ജാക്കിർ എന്നിവർക്കെതിരെ അഗളി പോലീസ് ക്രൈം നം.215/2019, 246/2019, 301/2019 കേസുകൾ രജിസ്റ്റർ ചെയ്യുകയും മണ്ണാർക്കാട് എസ്.സി/എസ്.ടി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരമുള്ള കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ഭവന നിർമ്മാണത്തിന്റെ കരാർ ഏൽപ്പിച്ചത് ആരെയാണെന്ന് വ്യക്തമാക്കുമോ; ഭവനനിർമ്മാണം സംബന്ധിച്ച് വകുപ്പ് ഈ വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ആദിവാസി കുടുംബങ്ങൾ ഭവന തട്ടിപ്പിന് ഇരയായത് ഗൗരവത്തോടെ കാണുന്നുണ്ട്.<br><br>ഭവനനിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വകാര്യ വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ കരാർ വച്ചിട്ടില്ല. ഭവനനിർമ്മാണ ധനസഹായം DBT മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്ന സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളുമായാണ് വകുപ്പ് കരാർ ഒപ്പ് വച്ചിട്ടുള്ളത്.<br><br>ഭവനനിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഗുണഭോക്താക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ ഗഫൂർ, ശ്രീ.മുഹമ്മദ് ബഷീർ, ശ്രീ മുഹമ്മദ് ജാക്കിർ എന്നിവർക്കെതിരെ അഗളി പോലീസ് ക്രൈം നം.215/2019, 246/2019, 301/2019 കേസുകൾ രജിസ്റ്റർ ചെയ്യുകയും മണ്ണാർക്കാട് എസ്.സി/എസ്.ടി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരമുള്ള കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. |
| (സി) | ഗുണനിലവാരം ഇല്ലാത്ത നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് വാസയോഗ്യമല്ലാത്ത വീട് നിർമ്മിച്ച് നൽകി ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത കരാറുകാരനെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (സി) | ആദിവാസി കുടുംബങ്ങൾ ഭവന തട്ടിപ്പിന് ഇരയായത് ഗൗരവത്തോടെ കാണുന്നുണ്ട്.<br><br>ഭവനനിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വകാര്യ വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ കരാർ വച്ചിട്ടില്ല. ഭവനനിർമ്മാണ ധനസഹായം DBT മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കളുമായാണ് വകുപ്പ് കരാർ ഒപ്പ് വച്ചിട്ടുള്ളത്.<br><br>ഭവനനിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഗുണഭോക്താക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ ഗഫൂർ, ശ്രീ.മുഹമ്മദ് ബഷീർ, ശ്രീ മുഹമ്മദ് ജാക്കിർ എന്നിവർക്കെതിരെ അഗളി പോലീസ് ക്രൈം നം.215/2019, 246/2019, 301/2019 കേസുകൾ രജിസ്റ്റർ ചെയ്യുകയും മണ്ണാർക്കാട് എസ്.സി/എസ്.ടി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരമുള്ള കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | ലൈഫ് മിഷൻ പദ്ധതിയിൽ ഭവനങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി അനുവദിച്ച തുകയും കരാറുകാരൻ തട്ടിയെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണഭോക്താക്കൾ വഞ്ചിതരാകുന്ന സാഹചര്യം ഉണ്ടായതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും തട്ടിപ്പ് നടത്തിയ കരാറുകാരനെതിരെയും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരനെതിരെ കേസ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കോടതിയുടെ പരിഗണനയിലുമാണ്. ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും കരാറുകാരൻ പണം കൈക്കലാക്കിയതിൽ ഉദ്യോഗസ്ഥ വീഴ്ച ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | തട്ടിപ്പിന് ഇരയായ പ്രസ്തുത കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമിച്ച നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം പണം നഷ്ടപ്പെട്ട 7 ഗുണഭോക്താക്കൾക്ക് വീടുകളുടെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക അനുവദിക്കുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ